Total Marks : 100 Marks

Time : 1 hour and 15 minutes

1. ചാന്നാർ കലാപത്തിന്റെ ലക്ഷ്യം എന്തായിരുന്നു ?
   (A) മാറുമറയ്ക്കാനുള്ള അവകാശം
   (B) വഴി നടക്കാനുള്ള അവകാശം
   (C) ക്ഷേത്രാരാധനയ്ക്കുള്ള അവകാശം
   (D) തൊഴിൽ ചെയ്യാനുള്ള അവകാശം

2. താഴെപ്പറയുന്നവയിൽ പണ്ഡിറ്റ് കെ. പി. കറുപ്പൻ സ്ഥാപിച്ച പ്രസ്ഥാനം ഏതാണ് ?
   (A) സഹോദര പ്രസ്ഥാനം
   (B) അരയ സമാജം
   (C) യോഗ ക്ഷേമ സഭ
   (D) ഐക്യ കേരള പ്രസ്ഥാനം

3. ചിന്നാർ വന്യജീവി സങ്കേതം ഏത് ജില്ലയിലാണ് ?
   (A) ഇടുക്കി
   (B) പാലക്കാട്
   (C) വയനാട്
   (D) കൊല്ലം

4. കേരളത്തിൽ ആദ്യമായി തീവണ്ടി ഓടിയത് താഴെപ്പറയുന്നവയിൽ ഏത് റൂട്ടിലാണ് ?
   (A) കൊല്ലം – പുനലൂർ
   (B) ഒലവക്കോട് – പൊള്ളാച്ചി
   (C) തിരൂർ – ബേപ്പൂർ
   (D) പാലക്കാട് – ഷൊർണ്ണൂർ

5. 'ചാമ്പ്യൻസ് ട്രോഫി' ഏത് കായിക ഇനവുമായി ബന്ധപ്പെട്ടതാണ് ?
   (A) ഹോക്കി
   (B) ക്രിക്കറ്റ്
   (C) വള്ളംകളി
   (D) അമ്പെയ്ത്ത്

6. താഴെപ്പറയുന്നവയിൽ പ്രാഥമിക മേഖലയിൽ ഉൾപ്പെടാത്തത് ?
   (A) മത്സ്യ ബന്ധനം
   (B) കന്നുകാലി വളർത്തൽ
   (C) വന പരിപാലനം
   (D) വ്യാപാരം

7. ഇന്ത്യ ഏറ്റവും കൂടുതൽ ഉൽപാദിപ്പിക്കുന്ന ഭക്ഷ്യ ധാന്യം ?
   (A) ഗോതമ്പ്
   (B) നെല്ല്
   (C) ചോളം
   (D) ജോവർ

8. കേരളത്തിന്റെ കിഴക്കൻ അതിർത്തിയിലെ പർവ്വതനിര ഏതാണ് ?
   (A) പൂർവ്വ ഘട്ടം
   (B) സത്പുര
   (C) പശ്ചിമ ഘട്ടം
   (D) ആനമുടി

9. ബൊക്കാറോ ഉരുക്ക് ശാല ഏത് സംസ്ഥാനത്താണ് ?

(A) ഝാർഖണ്ഡ്

(B) ബിഹാർ

(C) മദ്ധ്യ പ്രദേശ്

(D) പശ്ചിമ ബംഗാൾ

10. ജനപങ്കാളിത്തത്തോടെ നിർമ്മിച്ച ഇന്ത്യയിലെ ആദ്യ വിമാനത്താവളം ?

(A) തിരുവനന്തപുരം

(B) ചെന്നൈ

(C) കൽക്കത്ത

(D) നെടുമ്പാശ്ശേരി

11. ഇന്ത്യയുടെ ആദ്യ ഉപഗ്രഹം ഏതാണ് ?

(A) ആര്യഭട്ട

(B) ആപ്പിൾ

(C) രോഹിണി

(D) ഇൻസാറ്റ്

12. ഛോട്ടാനാഗ്പൂർ എന്നത് താഴെപ്പറയുന്നവയിൽ ഏതാണ് ?

(A) ഒരു പർവ്വതം

(B) ഒരു പട്ടണം

(C) ഒരു നദി

(D) ഒരു പീഠഭൂമി

13. ഇന്ത്യയുടെ തെക്ക്-വടക്ക് നീളം ?

(A) 4123 കി.മി.

(B) 2413 കി.മി.

(C) 3214 കി.മി.

(D) 4312 കി.മി.

14. കേരളത്തിന്റെ ആദ്യ നിയമസഭാ സ്പീക്കർ ഇവരിൽ ആരായിരുന്നു ?

(A) ജോസഫ് മുണ്ടശ്ശേരി

(B) ആർ. ശങ്കരനാരായണൻ തമ്പി

(C) ആർ. ശങ്കർ

(D) വർക്കല രാധാകൃഷ്ണൻ

15. തിരുവിതാംകൂറിൽ വിദ്യാഭ്യാസം സർക്കാർ ചെലവിൽ നല്കണം എന്ന് വിളംബരം ചെയ്ത മഹാറാണി ആര് ?

(A) മഹാറാണി ഗൗരി ലക്ഷ്മിഭായി.

(B) മഹാറാണി സേതു ലക്ഷ്മിഭായി

(C) മഹാറാണി ഗൗരി പാർവ്വതിഭായി

(D) ഉമയമ്മ റാണി

16. ഇന്ത്യയുമായി കരയതിർത്തി പങ്കിടുന്ന രാജ്യങ്ങളുടെ എണ്ണം ?

(A) ഒന്ന്

(B) അഞ്ച്

(C) എട്ട്

(D) ഏഴ്

17. ഒന്നാം സ്വാതന്ത്ര്യ സമരം പൊട്ടിപ്പുറപ്പെട്ടത് എവിടെ ?

(A) സൂറത്ത്

(B) മീററ്റ്

(C) നാഗ്പൂർ

(D) കാൺപൂർ

18. അഴിമതി തടയുന്നതിനായി ദേശീയതലത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനം ?

(A) ലോക്പാൽ
(B) ലോകായുക്ത
(C) വിവരാവകാശ കമ്മിഷൻ
(D) തെരഞ്ഞെടുപ്പ് കമ്മിഷൻ

19. കേരളത്തിലെ ഏറ്റവും വലിയ ജലസേചന പദ്ധതി

(A) പഴശ്ശി
(B) പമ്പ
(C) കല്ലട
(D) മൂവാറ്റുപുഴ

20. 1907 ൽ ഇന്ത്യൻ ദേശീയ പതാക ജർമ്മനിയിൽ ഉയർത്തിയ വനിത ആര് ?

(A) ആനി ബസന്റ്
(B) മാഡം കാമ
(C) സരോജിനി നായിഡു
(D) വിജയലക്ഷ്മി പണ്ഡിറ്റ്

21. ഒരു വ്യക്തിയുടെ ജീവത്യാഗത്തിലൂടെ രൂപീകൃതമായ ഇന്ത്യൻ സംസ്ഥാനം ?

(A) ആന്ധ്രാ പ്രദേശ്
(B) ഒറീസ്സ
(C) കേരളം
(D) തമിഴ്നാട്

22. താഴെപ്പറയുന്നവയിൽ ഇ.എം.എസ്. നമ്പൂതിരിപ്പാട് രചിച്ച കൃതി ?

(A) പാട്ടബാക്കി
(B) തത്ത്വമസി
(C) അടുക്കളയിൽ നിന്നും അരങ്ങത്തേക്ക്
(D) ഒന്നേകാൽകോടി മലയാളികൾ

23. ഇവയിൽ ഏതാണ് അന്താരാഷ്ട്ര വിമാനത്താവളം അല്ലാത്തത് ?

(A) കോയമ്പത്തൂർ
(B) കരിപ്പൂർ
(C) നെടുമ്പാശ്ശേരി
(D) കൊച്ചി

24. ഇന്ത്യയിൽ ഇന്ന് നിലവിലില്ലാത്ത വാർത്താവിനിമയ ഉപാധി ?

(A) ടെലിഗ്രാഫ്
(B) തപാൽ
(C) റേഡിയോ
(D) ടെലിഫോൺ

25. 'കലാമണ്ഡലം ഗോപി' ഏത് കലയിലെ ആചാര്യനാണ് ?

(A) ഭരതനാട്യം
(B) നാടകം
(C) കഥകളി
(D) ഓട്ടൻതുള്ളൽ

26. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ നാട്ടുരാജ്യങ്ങളെ കൂട്ടിച്ചേർക്കുന്നതിൽ മുഖ്യപങ്ക് വഹിച്ച മലയാളി

(A) വി. കെ. കൃഷ്ണമേനോൻ (B) വി. പി. മേനോൻ
(C) എൻ. എസ്. മാധവൻ (D) കെ. ആർ. നാരായണൻ

27. ബ്രിട്ടീഷുകാർക്കെതിരെ ഇന്ത്യയിൽ നടന്ന അവസാനത്തെ ബഹുജന മുന്നേറ്റം ഏതായിരുന്നു?

(A) സ്വദേശി പ്രസ്ഥാനം
(B) നിസ്സഹകരണ പ്രസ്ഥാനം
(C) സൈമൺ കമ്മീഷനെതിരെയുള്ള സമരം
(D) ക്വിറ്റ് ഇന്ത്യാ സമരം

28. വായനാ ദിനമായി ആചരിക്കുന്നത്

(A) പി. എൻ. പണിക്കരുടെ ചരമ ദിനം
(B) പി. എൻ. പണിക്കരുടെ ജന്മദിനം
(C) കുഞ്ഞുണ്ണി മാഷിന്റെ ജന്മദിനം
(D) തകഴിയുടെ ചരമ ദിനം

29. ഭൂതത്താൻകെട്ട് ഏത് ജില്ലയിലാണ് ?

(A) ഇടുക്കി (B) പത്തനംതിട്ട
(C) എറണാകുളം (D) വയനാട്

30. കേരളത്തിന്റെ സംസ്ഥാന പുഷ്പം

(A) താമര (B) കണിക്കൊന്ന
(C) ചെമ്പരത്തി (D) ആമ്പൽ

31. കേരള സംസ്ഥാനം രൂപം കൊണ്ടത് താഴെപ്പറയുന്നവയിൽ എന്തിന്റെ അടിസ്ഥാനത്തിലാണ് ?

(A) വിസ്തൃതി (B) പ്രദേശം
(C) ഭാഷ (D) നദികൾ

32. 'കുസാറ്റ്' (CUSAT) ഏത് മേഖലയുമായി ബന്ധപ്പെട്ടതാണ് ?

(A) കാർഷിക മേഖല (B) വാണിജ്യം
(C) വാന നിരീക്ഷണം (D) ശാസ്ത്ര സാങ്കേതിക മേഖല

33. ഏത് സാമ്രാജ്യത്തിന്റെ തലസ്ഥാനമായിരുന്നു 'ഹംപി' ?

(A) വിജയനഗരം (B) മുഗൾ
(C) മൈസൂർ (D) മറാത്താ

34. ഇന്ത്യയിൽ ആയിരം രൂപ നോട്ടുകൾ പിൻവലിച്ച തിയതി ?

(A) 2016 ഒക്ടോബർ 8
(B) 2016 നവംബർ 8
(C) 2016 ഒക്ടോബർ 6
(D) 2016 നവംബർ 6

35. താഴെപ്പറയുന്നവയിൽ മൗലികാവകാശങ്ങളിൽ പെടാത്തത് ഏത് ?

(A) സ്വത്ത് സമ്പാദിക്കുന്നതിനുള്ള അവകാശം.
(B) സ്വാതന്ത്ര്യത്തിനുള്ള അവകാശം
(C) ചൂഷണത്തിനെതിരെയുള്ള അവകാശം
(D) മത സ്വാതന്ത്ര്യത്തിനുള്ള അവകാശം

36. ഇന്ത്യൻ ആസൂത്രണ കമ്മീഷന്റെ പ്രഥമ അദ്ധ്യക്ഷൻ ആരായിരുന്നു ?

(A) മൊണ്ടേഗ്സിംഗ് അലുവാലിയ
(B) ഡോ. രാജേന്ദ്ര പ്രസാദ്
(C) ജവഹർലാൽ നെഹ്റു
(D) നരേന്ദ്ര മോദി

37. 1947-നുമുമ്പ് ഇന്ത്യൻ ദേശീയ പതാകയിലെ ചിഹ്നം ഏതായിരുന്നു ?

(A) അശോക ചക്രം
(B) ചർക്ക
(C) ത്രിപ്പന്തം
(D) അശോക സ്തംഭം

38. വിവരാവകാശ നിയമം നിലവിൽ വന്നത് ഏത് വർഷം ?

(A) 2006
(B) 2008
(C) 2002
(D) 2005

39. കേരളത്തിലെ ആദ്യത്തെ പക്ഷി സങ്കേതം ?

(A) കുമരകം
(B) പറമ്പിക്കുളം
(C) ബാണാസുര സാഗർ
(D) തട്ടേക്കാട്

40. തെന്മല അണക്കെട്ട് സ്ഥിതി ചെയ്യുന്നത് എവിടെ ?

(A) പരപ്പാർ
(B) കുളത്തൂപ്പുഴയാർ
(C) കഴുതുരുട്ടിയാർ
(D) ശെന്തുരുണിയാർ

41. സാധുജന പരിപാലന സംഘത്തിന്റെ സ്ഥാപകൻ ?

(A) ശ്രീനാരായണഗുരു
(B) കെ. കേളപ്പൻ
(C) അയ്യങ്കാളി
(D) ടി. കെ. മാധവൻ

42. ലോക കാലാവസ്ഥാ ദിനം

(A) മാർച്ച് 22
(B) മാർച്ച് 23
(C) മാർച്ച് 21
(D) മാർച്ച് 24

43. സുപ്രീം കോടതിയിലെ ആദ്യ വനിതാ ജഡ്ജി ആരായിരുന്നു ?

(A) ജസ്റ്റിസ് ശ്രീദേവി
(B) ജസ്റ്റിസ് ലൈലാ സേത്ത്
(C) ജസ്റ്റിസ് ഫാത്തിമാബീവി
(D) ജസ്റ്റിസ് ബാനുമതി

44. കേരളത്തിൽ അവസാനമായി പൊതു തെരഞ്ഞെടുപ്പ് നടന്ന തിയതി ?

(A) 2016 മെയ് 16
(B) 2016 മെയ് 26
(C) 2016 മെയ് 20
(D) 2016 മെയ് 22

45. ചെന്നൈ ആസ്ഥാനമായ റയിൽവേ മേഖല ഏത് ?

(A) പൂർവ്വ റയിൽവേ
(B) ഉത്തര റയിൽവേ
(C) ദക്ഷിണ-പൂർവ്വ റയിൽവേ
(D) ദക്ഷിണ റയിൽവേ

46. വാർധാ വിദ്യാഭ്യാസ പദ്ധതിയുടെ അടിസ്ഥാനം എന്ത് ?

(A) പ്രാഥമിക വിദ്യാഭ്യാസം
(B) തൊഴിലധിഷ്ഠിത വിദ്യാഭ്യാസം
(C) ഉന്നത വിദ്യാഭ്യാസം
(D) സാങ്കേതിക വിദ്യാഭ്യാസം

47. പള്ളിവാസൽ ജലവൈദ്യുത പദ്ധതി സ്ഥാപിച്ചത് ആരുടെ ഭരണകാലത്താണ് ?

(A) ശ്രീചിത്തിരതിരുനാൾ ബാലരാമവർമ്മ
(B) മാർത്താണ്ഡ വർമ്മ
(C) റാണി ഗൗരി ലക്ഷ്മിഭായി
(D) ശ്രീ ഉത്രാടംതിരുനാൾ രാമവർമ്മ

48. താഴെപ്പറയുന്നവയിൽ ആരാണ് കുഞ്ഞാലി മരയ്ക്കാർ ?

(A) സാമൂതിരിയുടെ കപ്പിത്താൻ
(B) സാമൂതിരിയുടെ നാവിക തലവൻ
(C) സാമൂതിരിയുടെ കാര്യസ്ഥൻ
(D) സാമൂതിരിയുടെ കരസേനാ തലവൻ

49. ഭഗത് സിംഗിനെ തൂക്കിലേറ്റിയത് എവിടെയായിരുന്നു ?

(A) കാൺപൂർ ജയിൽ
(B) ഡൽഹി സെൻട്രൽ ജയിൽ
(C) ലാഹോർ സെൻട്രൽ ജയിൽ
(D) മീററ്റ് ജയിൽ

50. താഴെപ്പറയുന്ന കായിക ഇനങ്ങളിൽ ഏതുമായി ബന്ധപ്പെട്ടയാളാണ് പി. ആർ. ശ്രീജേഷ് ?

(A) ടെന്നീസ്
(B) ക്രിക്കറ്റ്
(C) ഫുട്ബാൾ
(D) ഹോക്കി

51. ഐക്യ കേരളത്തിലെ ആദ്യത്തെ നിയമസഭാ സമ്മേളനം നടന്നത് എന്ന് ?

(A) 1956 നവംബർ 1
(B) 1957 ഏപ്രിൽ 17
(C) 1957 ജനുവരി 12
(D) 1957 ഏപ്രിൽ 27

52. ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ പാലം ഏത് ?

(A) പാമ്പൻ പാലം
(B) ഹൗറാ പാലം
(C) ഭൂപെൻ ഹസാരിക.
(D) സേതു ബന്ധൻ

53. കേരളത്തിലെ ദേശീയ ജലപാത താഴെപ്പറയുന്നവയിൽ ഏതാണ് ?

(A) കൊച്ചി – ബോംബെ
(B) കൊല്ലം – കോട്ടപ്പുറം
(C) കൊല്ലം – തിരുമംഗലം
(D) പരവൂർ – കുമരകം

54. ഗാന്ധിജിയുടെ നേതൃത്വത്തിൽ ബ്രിട്ടീഷുകാർക്കെതിരെ ഇന്ത്യയിൽ നടന്ന ആദ്യ സമരം ?

(A) ചമ്പാരൻ കർഷക സമരം
(B) ബോംബെ തുണിമിൽ സമരം
(C) നിസ്സഹകരണ സമരം
(D) ഖേഡയിലെ കർഷക സമരം

55. പാരമ്പര്യ കലാരൂപങ്ങളുടെ വികാസത്തിനായി ദേശീയ സമരകാലത്ത് കേരളത്തിൽ ആരംഭിച്ച പ്രസ്ഥാനം ഏതാണ് ?

(A) കേരളാ ലളിത കലാ അക്കാദമി
(B) കേരള കലാമണ്ഡലം.
(C) കേരളാ ഫോക്‌ലോർ അക്കാദമി
(D) കേരളാ പീപ്പിൾസ് ആർട്സ് ക്ലബ്ബ്

56. സ്വരാജ് പാർട്ടിയുടെ സ്ഥാപകൻ ആര് ?

(A) ചന്ദ്രശേഖർ ആസാദ്
(B) ബാലഗംഗാധര തിലക്
(C) ജവഹർലാൽ നെഹ്റു
(D) മോത്തിലാൽ നെഹ്റു

57. പമ്പാനദി ഒഴുകിച്ചേരുന്നത് എവിടെയാണ് ?

(A) അറബിക്കടൽ
(B) അഷ്ടമുടി കായൽ
(C) വേമ്പനാട്ടു കായൽ
(D) പരവൂർ കായൽ

58. താഴെ കൊടുത്തിട്ടുള്ള തിയതികളിൽ എന്നാണ് ക്ഷേത്ര പ്രവേശന വിളംബരം പുറപ്പെടുവിച്ചത് ?

(A) 1936 നവംബർ 12
(B) 1936 നവംബർ 21
(C) 1936 നവംബർ 11
(D) 1936 നവംബർ 1

59. 'ഗാന്ധിയും അരാജകത്വവും' എന്ന കൃതി ആരുടേതാണ് ?

(A) ഇ.എം.എസ്. നമ്പൂതിരിപ്പാട്
(B) സുഭാഷ് ചന്ദ്ര ബോസ്
(C) ചേറ്റൂർ ശങ്കരൻ നായർ
(D) അബ്ദുൾ കലാം ആസാദ്

60. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ ആദ്യ അദ്ധ്യക്ഷൻ ആരായിരുന്നു ?

(A) കെ. കേളപ്പൻ
(B) പി. കൃഷ്ണപിള്ള
(C) കെ. പി. കേശവമേനോൻ
(D) പട്ടം താണുപിള്ള.

61. നിശാന്ധതയ്ക്ക് കാരണം ഏത് വിറ്റാമിന്റെ അഭാവമാണ് ?
(A) വിറ്റാമിൻ D
(B) വിറ്റാമിൻ A
(C) വിറ്റാമിൻ C
(D) വിറ്റാമിൻ B

62. ലോക വന ദിനമായി ആചരിക്കുന്ന ദിവസം ?
(A) മാർച്ച് 21
(B) മാർച്ച് 22
(C) മാർച്ച് 23
(D) മാർച്ച് 24

63. എലിപ്പനിക്ക് കാരണമായ രോഗകാരി ഏത് ?
(A) വൈറസ്
(B) ഫംഗസ്
(C) ബാക്ടീരിയ
(D) പ്രോട്ടോസോവ

64. 'നിശ്ശബ്ദനായ കൊലയാളി' എന്നറിയപ്പെടുന്ന രോഗം ?
(A) എയ്ഡ്സ്
(B) മഞ്ഞപ്പിത്തം
(C) പ്രമേഹം
(D) രക്ത സമ്മർദ്ദം

65. മനുഷ്യ ശരീരത്തിലെ ഏറ്റവും ചെറിയ കോശം ?
(A) നാഡീകോശം
(B) പുംബീജം
(C) അണ്ഡം
(D) രക്തകോശം

66. വനങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് 1983ൽ കർണ്ണാടകത്തിൽ ആരംഭിച്ച പ്രസ്ഥാനം ?
(A) അപ്പിക്കോ പ്രസ്ഥാനം
(B) ചിപ്കോ പ്രസ്ഥാനം
(C) നർമ്മദാ ബചാവോ
(D) സർവോദയ പ്രസ്ഥാനം

67. മരിച്ചീനി ഏറ്റവും കൂടുതൽ ഉത്പാദിപ്പിക്കുന്ന ജില്ല ?
(A) തിരുവനന്തപുരം
(B) ആലപ്പുഴ
(C) പത്തനംതിട്ട
(D) കണ്ണൂർ

68. കേരളത്തിലെ കുരുമുളക് ഗവേഷണ കേന്ദ്രം എവിടെ സ്ഥിതി ചെയ്യുന്നു ?
(A) പാലക്കാട്
(B) കാസറഗോഡ്
(C) പന്നിയൂർ
(D) ഇടുക്കി

69. 2017-ലെ പരിസ്ഥിതി ദിനം ഏത് ആശയത്തിൻമേലാണ് ആചരിക്കുന്നത് ?
(A) വനങ്ങളെ സംരക്ഷിക്കാൻ
(B) മനുഷ്യനെ പ്രകൃതിയുമായി ഒന്നിപ്പിക്കാം
(C) കണ്ടൽക്കാടുകൾ സംരക്ഷിക്കാം
(D) ജലാശയങ്ങൾ സംരക്ഷിക്കാം

70. ശരീര തുലനാവസ്ഥയുമായി ബന്ധപ്പെട്ട മസ്തിഷ്ക ഭാഗം ?
(A) മെഡുല്ല ഒബ്ലാംഗേറ്റ
(B) ഹൈപ്പോതലാമസ്
(C) സെറിബ്രം
(D) സെറിബെല്ലം

71. പ്രവൃത്തിയുടെ യൂണിറ്റ് ഏത്?

(A) ഹെർട്സ് (B) വാട്ട്
(C) ന്യൂട്ടൺ (D) ജൂൾ

72. വൈദ്യുത ബൾബിൽ വൈദ്യുതോർജ്ജം ഏതെല്ലാം ഊർജ്ജങ്ങളായി പരിവർത്തനം ചെയ്യപ്പെടുന്നു

(A) ശബ്ദോർജ്ജവും പ്രകാശോർജ്ജവും
(B) ഗതികോർജ്ജവും താപോർജ്ജവും
(C) പ്രകാശോർജ്ജവും താപോർജ്ജവും
(D) പ്രകാശോർജ്ജവും സ്ഥിതികോർജ്ജവും

73. ഊഷ്മാവ് അളക്കുന്നതിനുള്ള ഉപകരണം

(A) തെർമോമീറ്റർ (B) ബാരോമീറ്റർ
(C) ലാക്ടോമീറ്റർ (D) അമ്മീറ്റർ

74. മേശപ്പുറത്തിരിക്കുന്ന ഒരു പുസ്തകത്തിനെ നിരക്കി മാറ്റാൻ ശ്രമിക്കുമ്പോൾ അതിന്റെ ചലനത്തിന് തടസ്സമുണ്ടാക്കുന്ന ബലം ഏത്?

(A) ഗുരുത്വാകർഷണ ബലം (B) ഘർഷണ ബലം
(C) പ്രതല ബലം (D) ഇലാസ്തിക ബലം

75. ശൂന്യതയിൽ പ്രകാശത്തിന്റെ വേഗത എത്ര?

(A) $3 \times 10^5$ km/s (B) $225 \times 10^3$ km/s
(C) $18 \times 10^4$ km/s (D) 3500 km/s

76. പ്രകാശ വർഷം എന്തിന്റെ ഏകകമാണ്?

(A) സമയം (B) വേഗത
(C) മാസ് (D) ദൂരം

77. ആറ്റത്തിലെ ചാർജ്ജില്ലാത്ത കണം ഏത്?

(A) പ്രോട്ടോൺ (B) ഇലക്ട്രോൺ
(C) ന്യൂട്രോൺ (D) പോസിട്രോൺ

78. ബോക്സൈറ്റ് ഏത് ലോഹത്തിന്റെ അയിരാണ്?

(A) ഇരുമ്പ് (B) അലുമിനിയം
(C) ചെമ്പ് (D) സിങ്ക്

79. അറ്റോമിക നമ്പറിന്റെ അടിസ്ഥാനത്തിൽ മൂലകങ്ങളെ വർഗ്ഗീകരിച്ചതാര്?

(A) ഡൊബെറൈനർ (B) ന്യൂലാന്റ്സ്
(C) മെൻഡലിയേഫ് (D) മോസ്‌ലി

80. ഹൈഡ്രജൻ കണ്ടുപിടിച്ച ശാസ്ത്രജ്ഞൻ

(A) ഹെൻറി കാവൻഡിഷ് (B) ജോസഫ് പ്രീസ്റ്റ്ലി
(C) കാൾ ഷീലേ (D) റോബർട്ട് ബോയിൽ

. $\times = -, + = +, - = +, \div = \times$ ആയാൽ $20 \times 5 + 3 - 6 \div 5$ ന്റെ വിലയാകുന്നത്

(A) 55
(B) 25
(C) 30
(D) 35.

82. 0, 3, 10, 21, _____ ഈ ശ്രേണിയിൽ വിട്ടഭാഗത്തെ സംഖ്യയേത് ?

(A) 32
(B) 20.
(C) 36
(D) 30

83. $4 \times 7 = 39$ ആയാൽ $8 \times 7$ ന് തുല്യമായ സംഖ്യയേത് ?

(A) 81
(B) 75
(C) 79.
(D) 71

84. താഴെ കൊടുത്തിരിക്കുന്നവയിൽ മറ്റുള്ളവയോട് യോജിക്കാത്തത് ഏത് ?

ACFG, PRUV, MPST, KMPQ

(A) ACFG
(B) PRUV
(C) MPST.
(D) KMPQ

85. ശരിയായ രീതിയിൽ ക്രമീകരിച്ചത് ഏത് ?

(A) ലേഖനം, മാസിക, വാക്യം, ഖണ്ഡിക, വാക്ക്, അക്ഷരം
(B) മാസിക, ലേഖനം, ഖണ്ഡിക, വാക്യം, വാക്ക്, അക്ഷരം
(C) മാസിക, ഖണ്ഡിക, വാക്യം, ലേഖനം, അക്ഷരം, വാക്ക്
(D) മാസിക, അക്ഷരം, വാക്ക്, വാക്യം, ഖണ്ഡിക, ലേഖനം

86. കൂട്ടത്തിൽ യോജിക്കാത്ത സംഖ്യയേത് ?

(A) 144
(B) 576
(C) 324
(D) 196

87. 1, 3, 7, 13, 21, _____ ഈ ശ്രേണിയിൽ വിട്ടഭാഗത്തെ സംഖ്യയേത് ?

(A) 23
(B) 31.
(C) 34
(D) 35

88. ജലിന്റെ വയസ്സും അതിന്റെ $\frac{1}{3}$ ഭാഗവും കൂട്ടിയാൽ ഖലിന്റെ വയസ്സായ 20 കിട്ടും. എത്ര വർഷം കഴിഞ്ഞാൽ അവരുടെ വയസ്സുകളുടെ തുക 51 ആകും ?

(A) 8.
(B) 6
(C) 5
(D) 10

89. A, B, C എന്നിവർ നല്ല കളിക്കാരാണ്. A, B, D എന്നിവർ നല്ല പ്രയത്നശീലരാണ്. B, D, E എന്നിവർ വിദഗ്ദ്ധമായ പരിശീലനത്തിന് പോകുന്നവരാണ്. A, D എന്നിവർ പൂർണ്ണമായും ആരോഗ്യവാന്മാരാണ്. എന്നാൽ പൂർണ്ണമായും ആരോഗ്യമില്ലാത്ത പ്രയത്നശീലനായ വിദഗ്ദ്ധ പരിശീലനത്തിന് പോകുന്ന നല്ല കളിക്കാരനാണ്

(A) C
(B) E
(C) B.
(D) D

90. A ജനിച്ചപ്പോൾ അവന്റെ അച്ഛന് 32 വയസ്സും അമ്മയ്ക്ക് 28 വയസ്സുമാണ്. A യുടെ സഹോദരനാണ് B. B-യ്ക്ക് A യേക്കാൾ 5 വയസ്സ് കൂടുതലുണ്ട്. ഇവരുടെ സഹോദരിയാണ് C. C-യ്ക്ക് B യേക്കാൾ 3 വയസ്സ് കൂടുതലുമാണ്. മറ്റൊരു സഹോദരിയാണ് D. D-യ്ക്ക് C യേക്കാൾ 2 വയസ്സ് കുറവാണ്. 7 വർഷം കഴിഞ്ഞാൽ D-യ്ക്ക് അമ്മയേക്കാൾ എത്ര വയസ്സ് കുറവാണ് ?

(A) 22
(B) 20
(C) 18
(D) 29

91. $32 \times 5 + 72 \div 18 - (12 + 48 \div 3)$ ന് തുല്യമായ സംഖ്യയേത് ?

(A) 144
(B) 164
(C) 136.
(D) 168

92. $\frac{1}{2} + \frac{2}{3} + \frac{3}{4} + \frac{5}{6}$ എന്നിവയുടെ തുകയെന്ത് ?

(A) $\frac{11}{4}$
(B) $\frac{15}{4}$
(C) 6
(D) $\frac{3}{2}$

93. $\left(\frac{0.09}{0.003} \times \frac{0.6}{0.12}\right) + \left(\frac{0.04}{0.08} \times \frac{0.003}{0.27}\right)$ ന്റെ വിലയെന്ത് ?

(A) 270
(B) 2700.
(C) 27000
(D) 540

94. 20 കുട്ടികളുടെയും 5 അധ്യാപകരുടെയും ശരാശരി വയസ്സ് 20 ആണ്. ഒരു അധ്യാപകൻ ഒഴിവായിപ്പോയിട്ട് മറ്റൊരു അധ്യാപകൻ വന്നപ്പോൾ ശരാശരി വയസ്സ് 1 കൂടി. അവരുടെ വയസ്സുകളുടെ വ്യത്യാസമെന്ത്?

(A) 30
(B) 20
(C) 10
(D) 25.

95. മൂന്ന് പാത്രങ്ങളിലായി ഏറ്റവും കുറഞ്ഞത് എത്ര ലിറ്റർ വീതം അരിയുണ്ടായാലാണ് 6 ലിറ്റർ, 8 ലിറ്റർ, 9 ലിറ്റർ വീതം അളവുപാത്രങ്ങൾ യഥാക്രമം ഓരോന്നിലും ഉപയോഗിച്ച് എത്രയും പെട്ടെന്ന് അരി മറ്റൊരു പാത്രത്തിലേക്ക് മാറ്റാൻ കഴിയുന്നത്?

(A) 144 ലിറ്റർ
(B) 72 ലിറ്റർ
(C) 54 ലിറ്റർ
(D) 48 ലിറ്റർ

96. ഒരു സംഖ്യയുടെ $\frac{2}{3}$ ഭാഗവും ആ സംഖ്യയുടെ $\frac{1}{6}$ ഭാഗവും കൂട്ടിയപ്പോൾ 30 കിട്ടി. ആ സംഖ്യയേത്?

(A) 36
(B) 30
(C) 27
(D) 39

97. $\sqrt{\frac{0.0009}{0.16}} + \sqrt{\frac{0.0016}{0.09}}$ ന് തുല്യമായത് ഏത്?

(A) 100
(B) $\frac{5}{24}$
(C) $\frac{1}{100}$
(D) $\frac{24}{5}$

98. ഒരാൾ 15% ലാഭത്തിന് 10 കിലോഗ്രാം ആപ്പിൾ വിറ്റു. 10 കിലോഗ്രാം ആപ്പിളിന്റെ വില 500 രൂപയെങ്കിൽ 1 കിലോഗ്രാം ആപ്പിളിന്റെ വിറ്റ വിലയെന്ത്?

(A) 575 രൂപ
(B) 50 രൂപ
(C) 57.5 രൂപ
(D) 50 രൂപ 75 പൈസ

99. 64 കിലോമീറ്റർ സഞ്ചരിക്കാൻ A എന്ന ബസ് 3 മണിക്കൂറും B എന്ന ബസ് 2½ മണിക്കൂറും എടുക്കുന്നു. A എന്ന ബസ് 320 കിലോമീറ്റർ സഞ്ചരിക്കുന്ന സമയത്ത് B എന്ന ബസ് എത്ര ദൂരം സഞ്ചരിക്കും?

(A) 300 കിലോമീറ്റർ
(B) 250 കിലോമീറ്റർ
(C) 320 കിലോമീറ്റർ
(D) 384 കിലോമീറ്റർ

100. 6.3, 8.4, 10.5 എന്നീ സംഖ്യകളുടെ ഉസാഘ എന്ത്?

(A) 0.7
(B) 0.3
(C) 2.1
(D) 1.05